# 28. അഫ്ഘാനിസ്ഥാൻ

അഫ്ഘാനിസ്ഥാന്റെ തലസ്ഥാനമായ കാബൂളിന് തെക്ക്, പാകിസ്ഥാന്റെ അതിർത്തിയോടു തൊട്ടുകിടക്കുന്ന ജലാലാബാദ് എന്ന പട്ടണം കലാപകാരികളായ മുജാഹിദുകൾ പിടിച്ചടക്കിയതായി മാർച്ച് ആദ്യവാരത്തിൽ വാർത്തകളുണ്ടായിരുന്നു. ഈ പട്ടണത്തിൽനിന്ന് ഘോരയുദ്ധത്തിനുശേഷം കനത്ത നാശനഷ്ടങ്ങളോടെ മുജാഹിദുകളെ സർക്കാർ സേനകൾ തുരത്തി എന്നാണ് മാർച്ച് 10-ാം തീയതി ലഭിച്ച വിവരം. മുജാഹിദുകളെ സഹായിക്കാൻ പാകിസ്ഥാൻ സൈനികർ ജലാലാബാദിൽ നേരിട്ടു പ്രവേശിച്ചതായും പാക് ഹെലികോപ്ടറുകൾ അവരെ സഹായിച്ചിരുന്നതായും പറയപ്പെട്ടിരുന്നു.

അഫ്ഘാനിസ്ഥാനിലെ ആഭ്യന്തരയുദ്ധം അവസാനിച്ചിട്ടില്ല. മുജാഹിദുകളുടെ റോക്കററ് ആക്രമണം കാരണം മാർച്ച് ആദ്യവാരത്തിൽ ഏതാനും ദിവസം കാബൂൾ വിമാനത്താവളം അടച്ചിട്ടിരിക്കുകയായിരുന്നു എന്ന് പത്രങ്ങളിൽ കണ്ടിരുന്നു. ഇപ്പോഴും കാബൂളിൽ അവിടവിടെ ധാരാളം റോക്കററുകൾ വന്നു വീഴുന്നുണ്ട്. കാബൂളിലേക്ക് ഭക്ഷ്യവസ്തുക്കളും മററും കടത്തിക്കൊണ്ടു വരുന്നതിനെതിരെ മുജാഹിദുകൾ ഏർപ്പെടുത്തിയിരുന്ന ഉപരോധം സോവിയററ് വിമാനങ്ങൾ ആകാശമാർഗത്തിലൂടെ സാധനങ്ങൾ കടത്തിയിരുന്നതിനാൽ പരാജയപ്പെടുകയാണുണ്ടായത്.

1989 ഫെബ്രുവരിയിൽ അഫ്ഘാനിസ്ഥാനിൽനിന്നു സോവിയററ് സേന പൂർണമായും ഒഴിഞ്ഞുപോകുന്നതോടെ സോവിയററ് സഹായത്തെ അവലംബിച്ച് അവിടെ നിലനിന്നിരുന്ന ഡോ. നജീബുള്ളയുടെ ഗവൺമെൻറ് തകർന്നുവീഴുകയും നജീബുള്ളയും കൂട്ടുകാരും എങ്ങോട്ടെങ്കിലും ഓടി രക്ഷപ്പെടുകയും ചെയ്യുമെന്ന് കലാപകാരികളെ പിൻതാങ്ങുന്ന പലരും വിശ്വസിച്ചിരുന്നു. ഈ വിശ്വാസം സാക്ഷാൽക്കരിക്കപ്പെട്ടില്ല. പകരം പാകിസ്ഥാനിൽ സമ്മേളിച്ച കലാപകാരികൾ പരസ്പരം യോജിക്കാനാകാതെ കലഹിച്ചു പിരിയുകയാണുണ്ടായത്. അവരിൽ ചിലർ ഒരു താൽക്കാലിക-അഫ്ഘാൻ ഗവൺമെൻറ് രൂപവൽക്കരിക്കുകയും ഈ ഗവൺമെൻറിന് പാകിസ്ഥാൻ പിന്തുണ പ്രഖ്യാപിക്കുകയും ചെയ്തിട്ടുണ്ടെന്നതു ശരിതന്നെ. പക്ഷേ, ഈ താൽകാലിക ഗവൺമെൻറ് എന്നെങ്കിലും കാബൂളിൽ അധികാരത്തിൽ വരുമെന്ന പ്രതീക്ഷ ഇപ്പോൾ ആർക്കുമില്ല. മറിച്ച്, നിയമപ്രകാരം സ്ഥാപിതമായ ഡോ. നജീബുള്ളയുടെ സർക്കാരിനു കീഴിൽ അഫ്ഘാൻകാർ ഏറെക്കുറെ ഉറച്ചുനില്ക്കുന്ന ചിത്രമാണ് വാർത്തകളിലൂടെ വെളിവാവുന്നത്.

1978-ൽ ഒരു വിപ്ലവത്തിലൂടെ അധികാരത്തിൽ വന്ന നൂർമുഹമ്മദ് തരാകിയും സോവിയററ് കമ്യൂണിസ്റ്റ് പാർട്ടി സെക്രട്ടറി ബ്രഷ്നേവും ചേർന്ന് ഉണ്ടാക്കിയതും ഇരുപതു വർഷത്തേക്ക് അഫ്ഘാൻ-സോവിയററ്-സൗഹൃദത്തിനു വ്യവസ്ഥചെയ്യുന്നതുമായ സന്ധിയുടെ അടിസ്ഥാനത്തിൽ രാജ്യത്തെ അരാജകത്വത്തിൽനിന്നു രക്ഷിക്കാനാണ് 1979 ഡിസംബറിൽ അന്നത്തെ അഫ്ഘാൻ പ്രധാനമന്ത്രിയായിരുന്ന ബബ്രാക് കാർമലിന്റെ ക്ഷണം അനുസരിച്ച് ഒരു ലക്ഷത്തോളം സോവിയററ് സൈനികർ അഫ്ഘാനിസ്ഥാനിൽ പ്രവേശിച്ചത്. ഇതോടെ അഫ്ഘാനിസ്ഥാനിൽ ദാരുണമായ ഒരു ആഭ്യന്തരയുദ്ധം ആരംഭിച്ചു. പത്തു ലക്ഷത്തോളം അഫ്ഘാൻകാർ ഈ യുദ്ധത്തിൽ മരിച്ചതായും മുപ്പതു ലക്ഷത്തോളം അഫ്ഘാൻകാർ പാകിസ്ഥാനിലേക്കും പത്തു ലക്ഷത്തോളം അഫ്ഘാൻകാർ ഇറാനിലേക്കും ഓടിപ്പോയതായും പറയപ്പെടുന്നു. (ആകെ അഫ്ഘാനിസ്ഥാനിലെ ജനസംഖ്യ ഒന്നരകോടിയിലേറെ മാത്രം). പാകിസ്ഥാനിലൂടെ അമേരിക്ക ഈ ആഭ്യന്തരയുദ്ധത്തിലിടപെട്ടു. ഐക്യരാഷ്ട്ര

സംഘടനയുടെ ആഭിമുഖ്യത്തിൽ 1987 ഡിസംബറിൽ ജനീവയിൽനടന്ന സംഭാഷണങ്ങൾ അഫ്ഗാനിസ്ഥാനിൽ സമാധാനം സ്ഥാപിക്കുന്നതിന് ചില വ്യവസ്ഥകൾ മുന്നോട്ടുവെച്ചു. മററു രാഷ്ട്രങ്ങൾ അഫ്ഗാനിസ്ഥാനിൽ ഇടപെടുന്നതിന് ഈ വ്യവസ്ഥകൾ എതിരാണ്. പാകിസ്ഥാനും അമേരിക്കയും ജനീവ വ്യവസ്ഥകളെ ലംഘിച്ചിരിക്കുകയാണെന്ന് അഫ്ഗാൻ ഗവണ്മെൻറും സോവിയററ് ഗവണ്മെൻറും ആരോപിക്കുന്നു.

1989 ഫെബ്രുവരിയിൽ സോവിയററ് വിദേശമന്ത്രി ഷെവർ നഡ്സേ പാകിസ്ഥാന്റെ തലസ്ഥാനം സന്ദർശിച്ചു. യുദ്ധത്തിലൂടെ അഫ്ഗാനിൽ സമാധാനം സ്ഥാപിക്കാനാവില്ലെന്നും കലാപകാരികളെക്കൂടി ഉൾക്കൊള്ളിച്ച് വിശാലാടിസ്ഥാനത്തിലൊരു ഗവണ്മെൻറ് അഫ്ഗാനിസ്ഥാനിൽ സ്ഥാപിക്കണമെന്നും ഒരു പ്രസ്താവനയിലൂടെ സോവിയററ്യൂണിയനും പാകിസ്ഥാനും പ്രഖ്യാപിക്കുകയുംചെയ്തു. ഡോ. നജീബുള്ളയുടെ നേതൃത്വത്തിൽ അഫ്ഗാനിസ്ഥാനിൽ ജനകീയ ജനാധിപത്യകക്ഷി (പി. ഡി. പി.എ.) സ്ഥാപിച്ചിട്ടുള്ള ഗവണ്മെൻറിനെ പിരിച്ചുവിടണമെന്ന പാകിസ്ഥാന്റെ നിർദേശം സ്വീകരിക്കപ്പെട്ടില്ല.

സോവിയററ് സൈന്യം അഫ്ഗാനിസ്ഥാനിൽനിന്ന് ഒഴിഞ്ഞുപോകും മുമ്പ് നജീബുള്ളയുടെ ഗവണ്മെൻറിന് വേണ്ടത്ര ആയുധങ്ങൾ നൽകിയിട്ടുണ്ടെന്നും അതിനാൽ കലാപകാരികൾക്ക് ആയുധസഹായം നൽകുന്നതു് തങ്ങൾ തുടരുമെന്നുമാണ് അമേരിക്കയുടെ നിലപാട്. അമേരിക്കയുടെ ആയുധസഹായം നിർത്തലാക്കിയാൽ അതോടെ അഫ്ഗാനിസ്ഥാനിലെ ആഭ്യന്തരസമരം അവസാനിക്കുമെന്ന് സോവിയററ്യൂണിയനും പറയുന്നു. അമേരിക്കൻ ആയുധ—സാമ്പത്തിക—സഹായമുണ്ടെങ്കിൽ കലാപകാരികൾക്ക് പാകിസ്ഥാൻ താവളമായി ഉപയോഗിച്ച് എത്ര കാലം വേണമെങ്കിലും അഫ്ഗാനിസ്ഥാനിൽ അട്ടിമറിപ്രവർത്തനങ്ങൾ തുടരാൻ കഴിയും. പടിഞ്ഞാറെ ഏഷ്യയിൽ സംഘർഷാവസ്ഥ നിലനിൽക്കുകയായിരിക്കും ഇതിന്റെ ഫലം.

ബേനസീർ ഭൂട്ടോ അധികാരത്തിൽ വന്നതിനുശേഷവും പാകിസ്ഥാന്റെ അഫ്ഗാൻ നയത്തിൽ മാററമുണ്ടായിട്ടില്ല. അഫ്ഗാനിസ്ഥാനിൽ നാലു ലക്ഷ്യങ്ങളാണ് പാകിസ്ഥാനുള്ളതു്: 1. നജീബുള്ളയെയും പി. ഡി. പി. എ. പാർട്ടിയെയും സ്ഥാനഭ്രഷ്ടരാക്കുക. 2. പാകിസ്ഥാനിലെ പേഷാവറിൽ താവളമുറപ്പിച്ചിട്ടുള്ള അഫ്ഗാൻ കലാപകാരികൾക്ക് ഭൂരിപക്ഷമുള്ള ഒരു ഗവണ്മെൻറ് കാബൂളിൽ സ്ഥാപിക്കുക. മുൻ അഫ്ഗാൻ രാജാവ് സാഹിർഷായെ ഇതിൽ ഉൾപ്പെടുത്തുകയില്ല 3. പാകിസ്ഥാനിലുള്ള മുപ്പതു ലക്ഷം അഫ്ഗാൻ അഭയാർത്ഥികൾക്ക് 'അന്തസ്സോടെ' മടങ്ങിപ്പോകാൻ സൗകര്യമുണ്ടാക്കുക. 4. അന്താരാഷ്ട്രസഹായത്തോടെ അഫ്ഗാനിസ്ഥാനിൽ പുനർനിർമാണപരിപാടികൾ നടപ്പിൽ വരുത്തുക.

ചുരുക്കത്തിൽ പാകിസ്ഥാന്റെ നിയന്ത്രണത്തിലുള്ള ഒരു സർക്കാർ അഫ്ഗാനിസ്ഥാനിൽ നിലവിൽ വരണമെന്നാണ് പാകിസ്ഥാൻ ആഗ്രഹിക്കുന്നതു്. അഫ്ഗാനിസ്ഥാൻ പാകിസ്ഥാനിൽ ലയിക്കുകയോ പാകിസ്ഥാനും അഫ്ഗാനിസ്ഥാനും ചേർന്ന് ഒരു ഫെഡറേഷൻ ഉണ്ടാക്കുകയോ വേണമെന്ന ആഗ്രഹവും പാകിസ്ഥാനിൽ പരക്കെയുണ്ടു്.

ഈറാൻ, റഷ്യ, ചൈന, ഇന്ത്യ (കാശ്മീർ), പാകിസ്ഥാൻ എന്നീ രാജ്യങ്ങളുടെ അതിർത്തിയിൽ അത്യന്തം തന്ത്രപ്രാധാന്യമുള്ള ഒരു പ്രദേശത്താണ് അഫ്ഗാനിസ്ഥാൻ സ്ഥിതിചെയ്യുന്നതു്. പഠാൻ (പക്ഖ്തൂൺ)ഹസാര, താജിക്, തുർക്കോമൻ, ഉസ്ബെക് മുതലായ പല ഗോത്രങ്ങളായി അഫ്ഗാൻ ജനത വിഭജിക്കപ്പെട്ടിരിക്കുന്നു. പശ്തോഭാഷ സംസാരിക്കുന്ന പഠാൻകാർ പാകിസ്ഥാനിലെ അതിർത്തി സംസ്ഥാനത്തിലുള്ള പഠാൻകാരിൽനിന്നു വ്യത്യസ്തരല്ല. ഇവർക്കാണ് അഫ്ഗാനിസ്ഥാനിൽ ഭൂരിപക്ഷം. താജിക്കുകൾ ഈറാനുമായി ബന്ധമുള്ളവരാണ്. ആഭ്യന്തരസമരം നീണ്ടുനിന്നാൽ

അഫ്ഘാനിസ്ഥാൻ പല തുണ്ടുകളായി ചിതറിപ്പോവുകയും ഈ തുണ്ടുകൾ പാകിസ്ഥാനിലും ഈറാനിലും സോവിയററ് യൂനിയനിലെ ചില റിപ്പബ്ലിക്കുകളിലും ലയിക്കുകയുമെന്നതു് അസംഭാവ്യമല്ല. അഫ്ഘാനിസ്ഥാൻ എന്ന രാഷ്ട്രം ഇല്ലാതാവുകയായിരിക്കും അതിൻെറ ഫലം.

അഫ്ഘാനിസ്ഥാനിൽ സമാധാനം പുലരുന്നതിൽ ഇന്ത്യയ്ക്കു് അഗാധമായ താല്പര്യമുണ്ടു്. സ്വാതന്ത്ര്യപ്രാപ്തിമുതൽ ഇന്നോളം ഇന്ത്യയുടെ സുഹൃദ് രാഷ്ട്രമായിരുന്ന അഫ്ഘാനിസ്ഥാൻ, മദ്ധ്യേഷ്യയിൽനിന്നു് സിന്ധു ഗംഗാ സമതലത്തിലേക്കുള്ള പെരുവഴിയിൽ ചരിത്രപ്രസിദ്ധമായ ഖൈബർ ചുരത്തിനടുത്തു് ഒരു സുഹൃദ് രാഷ്ട്രത്തിൻെറ നിലനില്പ് ഇന്ത്യയുടെ ഭദ്രതയ്ക്കു് വിശ്വാസ്യമായ ഒരു വാഗ്ദാനമാകുന്നു.

ഡോ. നജീബുള്ള നേതൃത്വം വഹിക്കുന്ന പി. ഡി. പി. എ. പുരോഗമന വീക്ഷണമുള്ള ഒരു രാഷ്ട്രീയ പാർട്ടിയാണു്. ആശയപരമായും സാമ്പത്തികമായും സാങ്കേതികമായും അഫ്ഘാനിസ്ഥാനെ ആധുനികീകരിക്കുന്നതിനാണു് ഈ പാർട്ടിയുടെ സ്വാധീനത്തിലുള്ള അഫ്ഘാൻ സർക്കാർ ശ്രമിക്കുന്നതു്. ഈ സർക്കാരിനെതിരെ കലാപക്കൊടി ഉയർത്തിയിട്ടുള്ള മുജാഹിദുകൾ കടുത്ത മതമൗലിക വാദികളാണു്. അഫ്ഘാനിസ്ഥാനെ മദ്ധ്യയുഗങ്ങളിലേക്കു തിരിച്ചുകൊണ്ടു പോവുകയാണു് അവരുടെ ലക്ഷ്യം. അഫ്ഘാനിസ്ഥാനിൽ മതമൗലികവാദികളുടെ ഭരണം സ്ഥാപിതമായാൽ അതിൻെറ ദീർഘകാല ദുഷ്ഫലങ്ങൾ ഇന്ത്യയിലും അനുഭവപ്പെടാതിരിക്കുകയില്ല.

ഐക്യരാഷ്ട്രസംഘടനയുടെ സഹായത്തോടെ അഫ്ഘാൻ പ്രശ്നത്തിനു് ജനാധിപത്യപരമായ പരിഹാരം കാണാനാണു് ഇന്ത്യ ശ്രമിക്കുന്നതു്. പാലസ്തീൻ നേതാവായ അറാഫത്തിനെപ്പോലെയുള്ളവർ ഈ ശ്രമങ്ങൾക്കു് പിന്തുണ പ്രഖ്യാപിച്ചിട്ടുണ്ടു്.

11 മാർച്ച്, 1989

## 29. പാകിസ്ഥാൻ, അഫ്ഘാനിസ്ഥാൻ, ഈറാൻ

മിക്ക അയൽരാജ്യങ്ങളുമായും തൃപ്തികരമായ ബന്ധമല്ല ഇന്ത്യയ്ക്കുള്ളതു്. എന്നാൽ, പാകിസ്ഥാനുമായുള്ള ബന്ധംപോലെ അത്രയധികം വഷളാവുകയുണ്ടായിട്ടില്ല ഇന്ത്യയ്ക്കു് മറെറാരു അയൽരാജ്യത്തോടുമുള്ള ബന്ധം. ചൈനയുമായുണ്ടായ സൈനികമായ ഏററുമുട്ടലിനെ ഓർമിക്കാതെയല്ല ഇപ്പറയുന്നതു്. കാശ്മീരിൻെറ ഭാഗമായിരുന്ന വലിയൊരു പ്രദേശം ഇപ്പോഴും ചൈന കൈവശംവെച്ചുവരുന്നുണ്ടെന്ന വസ്തുതയും വിസ്മരിക്കുന്നില്ല. എങ്കിലും ചൈന ഇന്ത്യയ്ക്കു് നിരന്തരമായ ഒരു തലവേദനയല്ല.

മറിച്ചാണു് പാകിസ്ഥാൻെറ സ്ഥിതി. കാശ്മീർ താഴ്വരയിൽ ഇന്ത്യയ്ക്കെതിരായ വിഘടനപ്രക്ഷോഭം ശക്തിപ്പെടുത്തുന്നതിനു് പാകിസ്ഥാൻ സർവാത്മനാ ശ്രമിച്ചുകൊണ്ടിരിക്കുകയാണു്. പഞ്ചാബിലെ ഖാലിസ്ഥാൻ ഉഗ്രവാദികൾക്കു് അഭയവും ആയുധപരിശീലനവും ആയുധ—ധന സഹായവും ഇപ്പോഴും നിരന്തരമായി വലിയ അളവിൽ പാകിസ്ഥാൻ നൽകിക്കൊണ്ടിരിക്കുന്നു. അത്യാധുനികങ്ങളായ കണക്കററ ആയുധശേഖരങ്ങൾ അമേരിക്കയിൽ നിന്നു കടമായും സൗജന്യമായും പാകിസ്ഥാൻ വാങ്ങി സംഭരിച്ചുവരുന്നു. ഒന്നോ അധികമോ അണുബോംബുകൾ ഇതിനകം പാകിസ്ഥാൻ നിർമിച്ചിരിക്കാൻ സാദ്ധ്യതയുണ്ടു്. ഇന്ത്യയ്ക്കു് എതിരായി ഉപയോഗിക്കാനല്ലെങ്കിൽ വേറെ എന്താവശ്യത്തിനാണു് പാകിസ്ഥാൻ ഇത്രയധികം ആയുധശക്തി സംഭരിക്കുന്നതെന്ന ചോദ്യം എല്ലാ ഇന്ത്യക്കാരുടെയും ഉള്ളിൽ മുഴങ്ങിക്കൊണ്ടിരിക്കുന്ന